**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1908** **15-03-2022 - ൽ മറുപടിയ്ക്ക്**

**തപാൽ വകുപ്പ് നടപ്പാക്കുന്ന ഇൻഷ്വറൻസ് സേവനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | തപാൽ വകുപ്പ് നടപ്പാക്കുന്ന ഇൻഷ്വറൻസ് സേവനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | തപാൽ വകുപ്പിന് കീഴിൽ രണ്ടു ഇൻഷ്വറൻസ് പദ്ധതികളാണ് നിലവിലുള്ളത്. ടി പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു 1.പോസ്റ്റൽ ലൈഫ് ഇൻഷ്വറൻസ് (PLI)- കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെയും സർവ്വകലാശാലകളുടെയും കീഴിലുള്ള സ്ഥിരവും താൽക്കാലികവുമായ ജീവനക്കാർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, സിഎമാർ, ആർക്കിടെക്ടുകൾ, അഭിഭാഷകർ, മാനേജ്മെന്റ് കൺസൾട്ടന്റുകൾ, എൻഎസ്ഇ/ബിഎസ്ഇ എന്നിവിടങ്ങളിൽ ലിസ്റ്റ് ചെയ്യപ്പെട്ട കമ്പനികളിലെ ജീവനക്കാർ എന്നിവർക്ക് ഈ ഇൻഷ്വറൻസ് പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. 2.റൂറൽ പോസ്റ്റൽ ലൈഫ് ഇൻഷ്വറൻസ് (RPLI)-ഗ്രാമീണ മേഖലയിലെ ദുർബല വിഭാഗങ്ങൾക്കും സ്ത്രീ തൊഴിലാളികൾക്കും ഈ ഇൻഷ്വറൻസ് പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ് |
| (ബി) | ലൈഫ് ഇൻഷ്വറൻസ് ഏജന്റുമാരായി കുടുംബശ്രീ പ്രവർത്തകരെ നിശ്ചയിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വ്യക്തമാക്കാമോ? | (ബി) | തപാൽ വകുപ്പും കുടുംബശ്രീയുമായി ചർച്ച നടത്തിയതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ പ്രവർത്തകരെ ലൈഫ് ഇൻഷ്വറൻസ് ഏജന്റുമാരായി നിശ്ചയിക്കുന്ന കാര്യത്തിൽ ധാരണയായിട്ടുണ്ട്. എന്നാൽ ഇതു സംബന്ധിച്ച് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ